വി.എച്ച്.എസ്.ഇ. ലക്ചറർമാരുടെ ഒഴിവുകളിലേക്ക് യോഗ്യതയുള്ള ക്ലാസ് -4 ജീവനക്കാർക്ക് സംവരണം നൽകാൻ നടപടി

110 (2050) ശ്രീ. എൻ. ശക്തൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വി.എച്ച്.എസ്.ഇ. സ്കൂളുകളിലെ ലക്ചറർമാരുടെ ഒഴിവുകളിൽ വി. എച്ച്.എസ്.ഇ. ഡിപ്പാർട്ട്മെന്റിലെ മിനിസ്റ്റീരിയൽ വിഭാഗത്തിന് മാത്രമായി സംവരണം ചെയ്തിരിക്കുന്ന പത്ത് ശതമാനം തസ്തികകളിൽ യോഗ്യതയും അദ്ധ്യാപന പരിചയവുമുള്ള ക്ലാസ്-ഫോർ ജീവനക്കാരെക്കൂടി ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ;

(ബി) ഇതിനായി വി.എച്ച്.എസ്.ഇ. സ്പെഷ്യൽ റൂൾസിൽ വേണ്ട ഭേദഗതി വരുത്തുമോ ?

ഉത്തരം

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി) ബാധകമല്ല.

നീലേശ്വരം ഹൈസ്കൂളിൽ വി.എച്ച്.എസ്.സി. കോഴ്സ് അനുവദിക്കുന്നതിന് നടപടി

111 (2051) ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതുതായി വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ തുടങ്ങുവാൻ ഉദ്ദേശമുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്ര സ്കൂളുകൾ തുടങ്ങാൻ ഉദ്ദേശിക്കുന്നു ;

(സി) കുന്ദമംഗലം നിയോജകമണ്ഡലത്തിലെ എത്ര സ്കൂളുകൾ ഇതിൽ ഉൾപ്പെടും ;

(ഡി) ഈ മണ്ഡലത്തിലെ നീലേശ്വരം ഗവൺമെന്റ് ഹൈസ്കൂളിൽ വി.എച്ച്.എസ്.സി. കോഴ്സ് അനുവദിക്കുന്ന കാര്യം ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ ?

ഉത്തരം

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി-ഡി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly